'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം - ജീവനക്കാര്യം -ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയും ഇപ്പോൾ അന്യത്ര സേവന വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണ സ്ഥാപങ്ങളുടെ ഓംബുഡ്സ്മാൻ കാര്യാലയത്തിൽ ഫിനാൻസ് ഓഫീസറുമായ ശ്രീ പി.വി ജയന്റെ അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1119/2019/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 01/06/2019

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/Fin

3 21/03/2018 ലെ സ.ഉ.(സാധാ) നം.759/2018/തസ്വഭവ

4 14/03/2019 തീയതിയിലെ 1130482/Admn-A2/136/2019/FIN നമ്പറായ ധനകാര്യ (അഡ്മിൻ-എ) വകുപ്പിന്റെ അനൗദ്യോഗിക കുറിപ്പ്

**ഉത്തരവ്**

ധനകാര്യവകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീ. പി.വി. ജയൻ, നെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന്റെ കാര്യാലയത്തിൽ ഫിനാൻസ് ഓഫീസറായി പരാമർശം(3) പ്രകാരം ഒരു വർഷത്തേക്ക് കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം 140(c) പ്രകാരമുള്ള വ്യവസ്ഥകൾക്കു വിധേയമായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ടിയാന്റെ അന്യത്രസേവന കാലാവധി നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം 01/05/2019 മുതൽ ഒരുവർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ധനകാര്യ വകുപ്പ് പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയും ഇപ്പോൾ അന്യത്ര സേവന വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണ സ്ഥാപങ്ങളുടെ ഓംബുഡ്സ്മാൻ കാര്യാലയത്തിൽ ഫിനാൻസ് ഓഫീസറുമായ ശ്രീ പി.വി ജയന്റെ അന്യത്ര സേവനകാലാവധി കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം 140(c) പ്രകാരവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ ചട്ടങ്ങളിലെ ചട്ടം 6 പ്രകാരവും നിലവിലെ മറ്റു ചട്ടങ്ങൾ പ്രകാരവും 01/05/2019 മുതൽ ഒരു വർഷത്തേക്ക് കൂടി നീട്ടി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
**സ്പെഷ്യല് സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം, തിരുവനന്തപുരം

വ്യക്തിക്ക് (സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപങ്ങളുടെ ഓംബുഡ്സ്മാൻ കാര്യാലയം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ